**ശ്രദ്ധക്ഷണിക്കൽ**

**സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ നിയമനവും പെൻഷൻ പ്രായ വർദ്ധനയിലെ ആശങ്കയും**

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടത് 18-12-2010-ലാണ്. സർവ്വകലാശാലകളിലെ നിയമനങ്ങളുടെ ക്രമക്കേട് അവസാനിപ്പിക്കാനും സുതാര്യത ഉറപ്പാക്കാനുമാണ് പി.എസ്.സി.-ക്ക് നിയമനങ്ങൾ വിട്ടത്. എന്നാൽ നാലര വർഷമായിട്ടും ഈ തീരുമാനം ഇതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല. യൂണിവേഴ്സിറ്റിയുടെ ആക്ടിലും അതുപോലെതന്നെ സ്റ്റാറ്റ്യൂട്ടിലും ഇതിനനുസൃതമായി ഭേദഗതികൾ വരുത്തുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥയാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികൾ ഇതുമൂലം വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഈ സർവ്വകലാശാലകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ കോളേജുകളുടെ എണ്ണത്തിലും കോഴ്സുകളുടെ എണ്ണത്തിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടുന്നതിന് മുൻപ് 70 കോളേജും 265 പോസ്റ്റുമാണ് ഉണ്ടായിരുന്നത്. എന്നാൽ ഈ കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ കോളേജിന്റെ എണ്ണം 111 ആയും കോഴ്സുകളുടെ എണ്ണം 522 ആയും വർദ്ധിച്ചു. വിദ്യാർത്ഥികളുടെ

എണ്ണത്തിൽ 15000 -ത്തിന്റെ വർദ്ധനവ് ഉണ്ടായി. ഇതുമൂലം യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം, പ്രത്യേകിച്ചും പരീക്ഷ അവതാളത്തിലാകുകയാണ്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന സംഭവം. ബി.എസ്.സി. നഴ്സിംഗ് പരീക്ഷ കഴിഞ്ഞ് കോഴ്സ് പാസ്സായ കുട്ടിക്ക് ലഭിച്ചത് എം.ബി.ബി.എസ്.-ന്റെ സർട്ടിഫിക്കറ്റാണ്. മാർക്ക് ലിസ്റ്റ് യഥാവിധി പരിശോധന നടത്താനുള്ള സ്റ്റാഫ് പോലും യൂണിവേഴ്സിറ്റികളിൽ ഇല്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. അതുകൊണ്ട് നമ്മുടെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ട തീരുമാനം ഉടൻ പ്രാബല്യത്തിൽ വരുത്തണം. കേരളത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ 2100 തസ്തികകളിൽ 610 എണ്ണവും കേരള സർവ്വകലാശാലയിൽ 1593 തസ്തികകളിൽ 1129 എണ്ണവും, എം.ജി. യൂണിവേഴ്സിറ്റിയിൽ 1500 തസ്തികകളിൽ 250 എണ്ണവും, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ 388 തസ്തികകളിൽ 81 എണ്ണവും, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ 890 തസ്തികകളിൽ 222 എണ്ണവും അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ 1792 തസ്തികകളിൽ 893 എണ്ണവും വെറ്റിനറി യൂണിവേഴ്സിറ്റിയിൽ 487 തസ്തികകളിൽ 315 എണ്ണവും ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ 90 തസ്തികകളിൽ 38 എണ്ണവും ഒഴിഞ്ഞു കിടക്കുകയാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് ഗ്രേഡ്,

ടൈപ്പിസ്റ്റ്, എൽ.ജി.എസ്., ഡ്രൈവർ, സെക്യൂരിറ്റി ഗാർഡ് തുടങ്ങിയ എൻട്രി കേഡറുകളിൽ 8810 തസ്തികകൾ ഉള്ള സ്ഥലത്ത് ഇപ്പോൾ ഉള്ളത് 5772 തസ്തിക ആണ്. 3538 തസ്തകകൾ ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി ഒഴിവാക്കാൻ, നിയമനം സുതാര്യമാക്കാൻ 12-2-2015 -ൽ നിയമനം പി.എസ്.സി.-ക്ക് വിട്ടു. ആ കാര്യത്തിലും സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കണം. ഈ തീരുമാനം എത്രയും വേഗം പ്രാബല്യത്തിൽ വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം എന്നുകൂടി ആവശ്യപ്പെടുകയാണ്. പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന ശമ്പള കമ്മീഷന്റെ ശുപാർശ വന്നിട്ടുണ്ട്. ഇത് യുവജനങ്ങളിൽ കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിനെ സംബന്ധിച്ചിടത്തോളം അഭ്യസ്ഥവിദ്യരായിട്ടുള്ള തൊഴിൽരഹിതരുടെ സാന്ദ്രത ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. കേരളത്തിൽ 45 ലക്ഷത്തോളം അഭ്യസ്ഥവിദ്യരായിട്ടുള്ള ആളുകൾ തൊഴിൽരഹിതരായിട്ടുണ്ട് എന്നാണ് കണക്ക്. കേരളത്തിലെ ഗവൺമെന്റിന്റെ കണക്ക് നോക്കിയാൽ നിയമനങ്ങളിൽ 2009 മുതൽ കാര്യമായ കുറവ് വരികയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി നിയമനങ്ങളിൽ കുറവില്ല, നിയമന നിരോധനമില്ല, റിക്കാർഡ് നിയമനം നടക്കുന്നു എന്നെല്ലാം

അവകാശപ്പെടുന്നുണ്ടെങ്കിലും മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഞാൻ ഇവിടെ ചില കണക്കുകൾ വായിക്കുകയാണ്. 2010-11-ൽ നടന്ന നിയമനം 42505, 2011-12 -ൽ നടന്ന നിയമനം 33919, 2012-13-ൽ നടന്ന നിയമനം 24486, 2013-14 -ൽ നടന്ന നിയമനം 30635, 2014-15-ൽ നടന്ന നിയമനം 26822. 2009-10 വർഷം 51213 ആളുകളെ പി.എസ്.സി. മുഖേന നിയമിച്ചപ്പോൾ 2014-15 വർഷത്തിൽ 26822 പേരെ മാത്രമാണ് നിയമിച്ചിരിക്കുന്നത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ സ്വന്തക്കാർക്ക് നിയമനം കൊടുക്കുന്ന ഒരു സ്ഥിതിയാണ് ഇവിടെയുള്ളത്. പല ഇടങ്ങളിലും ആ നിയമനങ്ങളിൽ അഴിമതിയാണ്, സ്വജന പക്ഷപാതമാണ്. ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുഖ്യമന്ത്രിയുടെ കീഴിലുള്ള സ്ഥാപനമാണ്. അതിന്റെ ഗവേഷണസ്ഥാപനങ്ങളായ നാറ്റ്പാക്, കെ.എഫ്.ആർ.ഐ., ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടോണിക്കൽ ഗാർഡൻ തുടങ്ങിയ സ്ഥാപനങ്ങളിൽ ഒരു നോട്ടിന്റെ അടിസ്ഥാനത്തിൽ, പ്രാദേശിക കോൺഗ്രസ്സ് നേതാക്കൻമാർ കൊടുത്ത കത്തിന്റെ അടിസ്ഥാനത്തിൽ, എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ട് നിയമനം കൊടുക്കുകയാണ്. ഭവന നിർമ്മാണ ബോർഡ്, സിഡ്കോ, കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ഹെഡ് ലോഡ് വർക്കേഴ്സ് ബോർഡ് തുടങ്ങിയ

സ്ഥാപനങ്ങളിലൊന്നും ഒഴിവുകൾ നികത്തുന്നില്ല. കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് കാഷ്യർ തസ്തികയിൽ 500 ഒഴിവുകൾ ഉണ്ട്. ഇവിടെ നിരവധി സെക്ഷൻ ഓഫീസുകൾ ബൈഫർക്കേറ്റ് ചെയ്തു. അതിനനുസൃതമായ ഒഴിവുകൾ നികത്താൻ നടപടിയില്ല. ഓട്ടോമൊബൈൽ ലിമിറ്റഡിലെയും ഓട്ടോ തൊഴിലാളി ക്ഷേമനിധി ബോർഡിലെയും ഒഴിവുകൾ നികത്തുന്നില്ല. കെ.എസ്.എഫ്.ഇ.-ലെ 600-ഓളം ഒഴിവുകളും നികത്തുന്നില്ല. ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഒഴിവുകൾ നികത്തുന്നില്ല. കെ.എസ്.ആർ.ടി.സി.-യിൽ രണ്ട് വർഷം മുൻപ് 9408 ആളുകൾക്ക് അഡ്വൈസ് മെമ്മോ കൊടുത്തു. അതിൽ അഡ്വൈസ് മെമ്മോ കിട്ടിയ 2937 ആളുകൾക്ക് ഇതുവരെ നിയമന ഉത്തരവ് കൊടുത്തിട്ടില്ല. 3000-ത്തോളം ആളുകൾ നിയമന ഉത്തരവിനായി കാത്തിരിക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ശക്തമായ നടപടികൾ ഉണ്ടാകണം എന്ന് ആവശ്യപ്പെടുകയാണ്. നമ്മുടെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ട തീരുമാനം പ്രാവർത്തികമാക്കാൻ, പ്രാബല്യത്തിൽ വരുത്താൻ സത്വര നടപടി ഉണ്ടാകണം. കേരളത്തിലെ യുവജനങ്ങളുടെ ആശങ്ക വർദ്ധിപ്പിക്കുന്ന, അവരെ നിരാശയുടെ ആഴക്കടലിൽ തള്ളിവിടുന്ന പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന നിർദ്ദേശം തള്ളിക്കളയണം. കേരളത്തിൽ നാലുവർഷത്തിനുള്ളിൽ

തൊഴിലവസരങ്ങൾ വർദ്ധിച്ചിട്ടില്ല. ഇവിടെ കണക്കുനോക്കിയാൽ മെഡിക്കൽ കോളേജുകളുടെയും വില്ലേജ് ഓഫീസുകളുടെയും താലൂക്ക് ഓഫീസുകളുടെയുമൊക്കെ എണ്ണം കൂടുകയും സർക്കാർ കോളേജുകൾ വന്നു എന്നെല്ലാം പറയുമ്പോഴും അതിനാനുപാതികമായി, അതിനനുസൃതമായി സർക്കാർ നിയമനങ്ങളിൽ മാറ്റം ഉണ്ടായിട്ടില്ല. നിയമനങ്ങൾ കുറയുകയാണ്. സ്മാർട്ട് സിറ്റി പാതിവഴിയിലാണ്, എമർജിംഗ് കേരളയിൽ 177 ധാരണാ പത്രങ്ങൾ ഒപ്പുവച്ചു എന്നുപറഞ്ഞു, പക്ഷേ ആ ധാരാണാപത്രങ്ങൾ ഒപ്പുവച്ചു എന്നതല്ലാതെ അതിനുമുകളിൽ ഒന്നും നടന്നിട്ടില്ല. ഇൻവെസ്റ്റേഴ്സ് മീറ്റ് ഇവിടെ നടന്നു, പക്ഷേ തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിലെ യുവജനങ്ങളുടെ പ്രതീക്ഷ തല്ലിക്കെടുത്തുന്ന തരത്തിൽ ശമ്പള പരിഷ്കരണ ശുപാർശ നടപ്പിലാക്കരുത്, അത് തള്ളിക്കളയണം. മറ്റൊരുകാര്യം, 2011 മുതൽ സ്വകാര്യ സ്കൂളുകളിലെ നാലു വർഷക്കാലത്തെ നിയമനങ്ങൾക്ക് മുൻകാല പ്രാബല്യം കൊടുത്തു. 1:30, 1:35 എന്ന ആനുകൂല്യം സർക്കാർ സ്കൂളുകൾക്ക് ബാധകമാക്കണം. സർക്കാർ സ്കൂളിനെ ഒരു യൂണിറ്റായി പരിഗണിച്ച് 1:30, 1:35 എന്ന രീതിയിൽ സർക്കാർ നിയമനം നടക്കണം. കഴിഞ്ഞ മൂന്ന് വർഷമായി സർക്കാർ സ്കൂളുകളിൽ നിയമനമില്ല. റാങ്ക് ഹോൾഡേഴ്സ് സമരം നടത്തുകയാണ്. ചെറുവത്തൂരിലെ, തൃക്കരിപ്പൂർ

നിയോജകമണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികൾ രണ്ടു മണിക്കൂർ റോഡ് ബ്ലോക്ക് ചെയ്ത് സമരം ചെയ്തു. കേരളത്തിലെ ചരിത്രത്തിൽ അസാധാരണമായ സമരമാണത്, അദ്ധ്യാപകരില്ലാത്ത ക്ഷാമം പരിഹരിക്കാൻ വിദ്യാർത്ഥികൾ തെരുവിലിറങ്ങി റോഡ് ബ്ലോക്ക് ചെയ്യേണ്ടി വരുന്ന ഒരു സാഹചര്യം ഇവിടെ ഉണ്ടാകുകയാണ്. അതുകൊണ്ട് കേരളത്തിലെ യുവജനങ്ങളുടെ പ്രതീക്ഷകൾ തകർക്കുന്ന, അവരുടെ തൊഴിലവസരങ്ങളുടെ കഴുത്ത് ഞെരിക്കുന്ന ഈ ശുപാർശകൾ തള്ളിക്കളയാൻ, പി.എസ്.സി-ക്കു വിട്ട സർവ്വകലാശാലാ നിയമനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങളും എത്രയും വേഗം പ്രാബല്യത്തിൽ വരുത്താൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയുണ്ടാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട അംഗം റ്റി. വി.രാജേഷ് ഇവിടെ ഉന്നയിച്ചത് മൂന്ന് കാര്യങ്ങളാണ്. ഒന്ന് സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുക, രണ്ട് പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത ഇതര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടുക, മൂന്ന് പെൻഷൻ പ്രായം വർദ്ധിപ്പിക്കരുത് എന്നീ കാര്യങ്ങളാണ്. സർവ്വകലാശാലകളിലെ അനദ്ധ്യാപക

തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടാൻ 18.12.2010-ൽ ഗവൺമെന്റ് ഒരു തീരുമാനമെടുത്തിരുന്നു, എന്നാൽ അത് എക്സിക്യൂട്ടീവ് തീരുമാനം മാത്രമായിരുന്നു. പി.എസ്.സി. ആ ഉത്തരവാദിത്വം ഏറ്റെടുക്കണമെങ്കിൽ പി.എസ്.സി.ക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള ഒരു നിയമനിർമ്മാണം വേണം. അതുപോലെ തന്നെ പി.എസ്.സി.ക്ക് അധികച്ചുമതല നൽകിക്കൊണ്ടുള്ള മറ്റൊരു നിയമവും വേണം. ഇതിനുവേണ്ടി യാതൊരു നടപടിയും എടുത്തിട്ടില്ല. അന്ന് കേരള സർവ്വകലാശാലയിലെ നിയമനം സംബന്ധിച്ച് വലിയ പരാതികൾ ഉണ്ടായിരുന്നു. വളരെയേറെ ആക്ഷേപങ്ങൾ വന്നു. നാൽപ്പതിനായിരം പേർ എഴുതിയ പരീക്ഷാ പേപ്പർ കാണാതെ വന്ന സാഹചര്യമുണ്ടായി. അത്തരമൊരു സാഹചര്യത്തിൽ ഇത് വിട്ടുകൊടുക്കാൻ തീരുമാനമെടുത്തുവെന്നത് ശരിയാണ്. പക്ഷേ തുടർന്നുള്ള ഒരു നടപടികളും സ്വീകരിച്ചില്ല. ആ തീരുമാനം തത്വത്തിൽ അംഗീകരിക്കുകയും അതിന്റെ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം കൊടുക്കുകയും അതനുസരിച്ചുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്നതുമാണ്. ഇതിനായി രണ്ട് നിയമങ്ങൾ നിയമസഭയിൽ പാസ്സാക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ നടക്കും. പി.എസ്.സി.ക്ക് നിയമനങ്ങൾ വിട്ടുകൊടുത്തിട്ടുള്ളതും എന്നാൽ ഇതിനാവശ്യമായ ചട്ടങ്ങൾ

പാസ്സാക്കിയിട്ടില്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ-സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്വയംഭരണസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ആ ചട്ടങ്ങൾ ഉണ്ടാക്കാൻ അടിയന്തര നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ റ്റി.വി. രാജേഷ് ചില സ്ഥാപനങ്ങളുടെ പേരുകൾ ഇവിടെ വായിച്ചു. നിങ്ങളുടെ സർക്കാർ ഭരിച്ചിരുന്ന സമയത്തും ആ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള നിയമനങ്ങളൊക്കെ എങ്ങനെയായിരുന്നോ ആ നിലയിൽത്തന്നെയാണ് ഇപ്പോഴത്തെ നിയമനങ്ങളും. അല്ലാതെ ഈ ഗവൺമെന്റിന്റെ കാലത്തു കൊണ്ടുവന്ന പുതിയ രീതിയിലല്ല അവിടെ നിയമനങ്ങൾ നടക്കുന്നത്. എന്നാലും അവിടത്തെ നിയമനങ്ങൾ ഏറ്റവും വേഗത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് ശമ്പള കമ്മീഷന്റെ ശിപാർശ ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അതിന്മേൽ ഒരു തീരുമാനവും ഗവൺമെന്റ് എടുത്തിട്ടില്ല. അതുസംബന്ധിച്ച് ശമ്പള കമ്മീഷന്റെ ശിപാർശകൾ അംഗീകരിക്കുന്ന അവസരത്തിലാണ് ഈ പ്രശ്നവും ചർച്ചയ്ക്ക് വരുന്നതെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. റ്റി.വി. രാജേഷ്: സർ, പി.എസ്.സി. ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ടെസ്റ്റ് നടത്തി റിസൾട്ട് പ്രസിദ്ധീകരിക്കാനായി ഇപ്പോൾ നാലും അഞ്ചും വർഷമെടുക്കുകയാണ്. ഇതൊരു നീണ്ട കാലയളവാണ്. പ്രത്യേകിച്ചും നമ്മുടെ ടെക്നോളജിയൊക്കെ വികാസം പ്രാപിച്ച് കാര്യങ്ങൾ വളരെ വേഗത്തിൽ നടന്നുപോകുന്ന ഒരു സമൂഹത്തിന് ഈ കാലതാമസം ഒട്ടും ഭൂഷണമല്ല. ഇതുമായി ബന്ധപ്പെട്ട് പി.എസ്.സി.യെ പലവട്ടം സമീപിച്ചപ്പോൾ അവർ പറയുന്നത് അവിടെ ആവശ്യത്തിന് സ്റ്റാഫില്ലായെന്നാണ്. ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ടെസ്റ്റ് നടത്തി നാലര വർഷം കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഈ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുന്നതിനായി സർവ്വീസിൽനിന്നും റിട്ടയർ ചെയ്തവരെ നിയമിക്കാൻ പോകുന്നുവെന്ന പത്രവർത്ത വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ സമയബന്ധിതമായി, നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും നിയമനം നടത്തുവാനുമുള്ള നടപടി സ്വീകരിക്കണം. ആവശ്യമായ സ്റ്റാഫിനെ നൽകുന്നില്ലായെന്നുള്ളതാണ് പി.എസ്.സി.ചെയർമാൻ തന്നെ വ്യക്തമാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ പി.എസ്.സി.യുടെ നിയമനങ്ങൾ വേഗത്തിലാക്കാൻ ആവശ്യത്തിന് സ്റ്റാഫിനെ നൽകാൻ, സമയബന്ധിതമായി കാര്യങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാർ

നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അപേക്ഷ ക്ഷണിച്ചുകഴിഞ്ഞാൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പി.എസ്.സി. ലിസ്റ്റ് ഉണ്ടാക്കണമെന്ന നിർദ്ദേശത്തോട് ഗവൺമെന്റിന് പൂർണ്ണ യോജിപ്പാണുള്ളത്. പലപ്പോഴും നിയമനങ്ങളുടെ കാര്യത്തിൽ പി.എസ്.സി.യുടെ ഭാഗത്തുനിന്നും വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ട്. അത് കുറയ്ക്കുന്നതിനുവേണ്ടി പി.എസ്.സി.യുമായി പലവട്ടം ചർച്ചനടത്തി, അപ്പോഴെല്ലാം അവർ കൂടുതൽ സ്റ്റാഫിനെ ആവശ്യപ്പെടുകയാണ്. പക്ഷേ പൂർണ്ണമായും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയ സാഹചര്യത്തിൽ അത്രയും സ്റ്റാഫ് വേണമോയെന്ന സംശയമാണ് ഗവൺമെന്റിൽ നിന്നും വ്യക്തമാക്കിയിട്ടുള്ളത്. ഏതായാലും ആ പ്രശ്നം ചർച്ചചെയ്ത് ഏറ്റവും വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.